പട്ടികജാതി വികസന വകുപ്പിന്റെ സ്റ്റാർട്ട് അപ്ഡ്രീംസ് പദ്ധതി

244 (2524) ശ്രീ. ബി. സത്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന 'സ്റ്റാർട്ട് അപ് ഡ്രീംസ് പദ്ധതിയെക്കുറിച്ച് വിശദമാക്കാമോ;

(ബി) ഇതിന്റെ മേൽനോട്ടം ആർക്കാണെന്നും ആരുമായി സഹകരിച്ചാണ് നടപ്പിലാക്കുന്നതെന്നും വ്യക്തമാക്കാമോ;

(സി) സ്റ്റാർട്ട് അപ് ഡ്രീംസ് പദ്ധതിയിലേക്ക് എന്ത് തുകയാണ് നീക്കിവച്ചിരിക്കുന്നത്; വ്യക്തമാക്കാമോ?

ഉത്തരം

(എ) ബിസിനസ്സ് മേഖലയിൽ എത്തിപ്പെടാൻ താൽപ്പര്യമുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ട സംരംഭകരെ കണ്ടെത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്ന തിനുമായി ഒരു ഇൻകുബേഷൻ സെന്റർ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള മണ്ണന്തല അംബേദ്കർ ഭവനിൽ കേരള സ്റ്റാർട്ട് അപ് മിഷനുമായി സഹകരിച്ച് ആരംഭിക്കുന്നതിന് പ്രാഥമിക നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ടി ഇൻകുബേഷൻ സെന്ററിൽ തൽപ്പരരായവർക്ക് സംരംഭം ആരംഭിക്കുന്നതിന് പരിശീലനവും അടിസ്ഥാന സൗകര്യവും നൽകുന്ന ഒരു പദ്ധതി കൂടിയാണ് സ്റ്റാർട്ട് അപ് ഡ്രീംസ്.

(ബി) കേരള സർക്കാരിന്റെ ഉടമസ്ഥതയിലുള്ള ടെക്നോപാർക്കിലെ കേരള സ്റ്റാർട്ട് അപ് മിഷൻ എന്ന സ്ഥാപനവുമായി സഹകരിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്.

(സി) മണ്ണന്തല അംബേദ്കർ ഭവനിലെ 5000 ചതുരശ്ര അടി സ്ഥലം കേരള സ്റ്റാർട്ട് അപ് മിഷന്റെ നേതൃത്വത്തിൽ നവീകരിച്ച് ഇൻകുബേഷൻ സെന്റർ ആരംഭിക്കുന്നതിന് 133.10 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ 40 ശതമാനം തുക കേരള സ്റ്റാർട്ട് അപ് മിഷന് വിതരണം നടത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly